പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 679 | 30.06.2015- ൽ മറുപടി<br>നല്കേണ്ടത്. |

## ബയോസേഫ്റ്റി ലാബ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വൈറസ് പരിശോധനയ്ക്കായി സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | വൈറസ് രോഗങ്ങളായ എച്ച്. ഐ.വി. ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് -സി, ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നിവയുടെ രോഗനിർണ്ണയത്തിനുള്ള പരിശോധനയ്ക്കു പുറമെ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ളിക് ഹെൽത്ത് ലാബിൽ ഏറ്റവും ആധുനികമായ പി.സി.ആർ ( പോളിമറേസ് ചെയിൻ റിയാക്ഷൻ ) ടെസ്റ്റ് നടത്തുവാനുള്ള ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ സംസ്ഥാനത്തെ ആരോഗ്യവകുപ്പിനു കീഴിലുള്ള ആശുപത്രികളോട് അനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന ചില ലാബുകളിലും വൈറസ് (സീറോളജി) പരിശോധന സംവിധാനങ്ങൾ ലഭ്യമാണ്. സീറോളജിടെസ്റ്റ്, സ്റ്റേറ്റ് പബ്ളിക് ലാബ്, തിരുവനന്തപുരത്തും, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ റീജിയണൽ പബ്ളിക് ഹെൽത്ത് ലാബുകളിലും കൂടാതെ കൊല്ലം, ആലപ്പുഴ എന്നീ ജില്ലാ ലാബുകളിലുമുണ്ട്. സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആലപ്പുഴയും രാജീവ് ഗാന്ധി |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജി എന്ന സ്ഥാപനത്തിലും വൈറസ് പരിശോധന ലഭ്യമാണ്. |
| ബി) | പ്രസ്തുത ആവശ്യത്തിനായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ നിലവിലുണ്ടോ; | ബി) | എച്ച്1, എൻ1 ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ് (കുരങ്ങ് പനി) എന്നീ രോഗങ്ങളുടെ നിർണ്ണയത്തിന് സംസ്ഥാനത്തിന് പുറത്തുള്ള ലാബുകളെ ആശ്രയിക്കേണ്ടിവരുന്നുണ്ട്. |
| സി) | ബയോസേഫ്റ്റി ലാബിന്റെ ആവശ്യകത സംബന്ധിച്ച് കേന്ദ്രവുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ: എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല പ്രതികരണം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | സി) | ബയോസേഫ്റ്റി ലാബിന്റെ ആവശ്യകത സംബന്ധിച്ച് കേന്ദ്രവുമായി കത്തിടപാടുകൾ നടത്തിയിട്ടില്ല. |
| ഡി) | കേരളത്തിൽ ബയോസേഫ്റ്റി ലാബിന്റെ അഭാവം കാരണം പൊതു ജനാരോഗ്യ സംവിധാനം നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം; ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) | ബയോസേഫ്റ്റി ലാബുകളുടെ അഭാവത്തിൽ അതീവ സുരക്ഷയോടുകൂടി മോളിക്കുലർ ഡയഗ്നോസിസ് നടത്തേണ്ട രോഗങ്ങളായ എച്ച് 1 എൻ1 , കുരങ്ങ്പനി തുടങ്ങിയരോഗങ്ങൾക്കായി മണിപ്പാൽ വൈറോളജി ലാബിനെയാണ് ആശ്രയിക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ